ശ്രീ. ടി. അബ്ദുറഹ്മാൻ മുജീദ് : അവിടെ പണി പൂർത്തിയായശേഷം സഞ്ചാരികളെ ആകർഷിക്കുന്നപക്ഷം ആവശ്യമെന്നു തോന്നിയാൽ അതേപ്പറ്റി ആലോചിക്കാം.

ശ്രീ. സി. എ. മാത്യു: ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സാധാരണ ജനങ്ങൾക്കുകൂടി ഉപകരിക്കത്തക്കവിധത്തിൽ ഏതെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ടി. അബ്ദുറഹ്മാൻ മുജീദ് : സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. സി. എ. മാത്യു: ഇപ്പോൾ തേക്കടിയിൽ പോയാൽ ഒരു ദിവസം 25 രൂപവരെ വേണം. അവിടെ സാധാരണ ജനങ്ങൾക്കുകൂടി താമസിക്കണമെങ്കിൽ ഈ നിലവാരത്തിലാണെങ്കിൽ സാധ്യമല്ല. ഇടത്തരക്കാർക്ക് അവിടെ ചെന്നാൽ മുടങ്ങിയ തോതിൽ അവിടെ കഴിയാനുള്ള സൗകര്യം സൃഷ്ടിക്കുമോ?

ശ്രീ. ടി. അബ്ദുറഹ്മാൻ മുജീദ് : ചെറിയ തോതിലുള്ള കെട്ടിടങ്ങളും മറ്റു സൗകര്യങ്ങളും ഉണ്ടാക്കി സാധാരണക്കാർക്കുകൂടി ഉപയോഗപ്പെടുത്താനുള്ള സൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടിയാണ് അവിടെ ഇപ്പോൾ ഒരു കെട്ടിടം നിർമ്മിക്കുന്നത്.

ശ്രീ. ഗോപാലൻകുട്ടി നായർ: നിലവിലുള്ള സ്ഥലങ്ങൾ വികസിപ്പിക്കുന്നതാണെന്നു പറഞ്ഞു. പുതിയ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനെപ്പറ്റി ആലോചനയുണ്ടോ?

ശ്രീ. ടി. അബ്ദുറഹ്മാൻ മുജീദ്: ഉണ്ട്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള: ഇൻഡ്യയിൽ മൊത്തത്തിൽ വരുന്ന ടൂറിസ്റ്റുകളെ സംബന്ധിച്ചിടത്തോളം കുറഞ്ഞ തോതിൽ അവർക്ക് താമസസൗകര്യമുണ്ടാക്കിക്കൊടുക്കുന്നതിനു അതതു സംസ്ഥാന ഗവണ്മെന്റുകളും ശ്രമിക്കണമെന്നു രണ്ടാംപഞ്ചവത്സരപദ്ധതിയിൽ പറഞ്ഞിട്ടില്ലേ? അതുപ്രകാരം പ്രത്യേക നടപടി വല്ലതും എടുത്തിട്ടുണ്ടോ?

ശ്രീ. ടി. അബ്ദുറഹ്മാൻ മുജീദ്: പദ്ധതികളും മുഴുവനാകുമ്പോൾ സൗകര്യമുണ്ടാകും.

പൊതുജലാശയങ്ങൾ.

* 1608. [2] ശ്രീ. എൻ. ശിവൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജനങ്ങൾക്കു് കുടിക്കുന്നതിനും കുളിക്കുന്നതിനും ഉപയോഗിക്കുന്ന പൊതുജലാശയങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിൽ ഗവണ്മെന്റു് കാര്യമായി ശ്രദ്ധിക്കുന്നില്ലെന്നു് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) പൊതുജനങ്ങൾക്കാവശ്യമായ ജലാശയങ്ങൾ സംരക്ഷിക്കുന്നതിനു് ആവശ്യമായ സംരക്ഷണ നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ എ. ആർ. മേനോൻ) :

(എ) ഉണ്ടു്.

(ബി) സ്വീകരിക്കാം.

ശ്രീ. എൻ. ശിവൻ പിള്ള: എന്തൊക്കെ നടപടികളാണു് സ്വീകരിക്കാൻ പോകുന്നതു് എന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടർ എ. ആർ. മേനോൻ: എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് ഇപ്പോൾ പറയാൻ കഴിയുകയില്ല. എളുപ്പമുള്ള കാര്യമല്ല. പല പ്രയാസങ്ങളുമുണ്ട്. എന്തൊക്കെയാണ് ഇതിലേക്ക് ചെയ്യേണ്ടതെന്ന് അന്വേഷിക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്.

தொழிற்சங்க தகராறுகள்.

* 1609. [3] ஸ்ரீ. ஈன். கணபதி: † கீழ்காணும் வினாக்களுக்கு போலீஸ் இலாகா மந்திரி அவர்கள் விடை பகர்வார்களாக:

(எ) கடந்த இரண்டு வருடங்களில் தொழிற்சங்க தற்காங்களில் எற்பட்ட தகராறுகள் காரணமாக எத்தனை அரஸ்ட்கள் நடைபெற்றது;

(பி) எத்தனை கேஸ்கள் ரஜிஸ்டர் செய்யப்பட்டது;

(ஸி) எதாவது கேஸ்கள் வாபஸ் செய்யப்பட்டதா;

(டி) எத்தனை கேஸ்கள் வாபஸ் (withdrawn) செய்யப்பட்டது?

Minister for Finance (**Shri C. Achutha Menon**):

(a-d) The answer to this question is not ready, Sir.

Mr. Speaker: The answer may be supplied to the Member.

புதுதாயி தொடங்ஙுன்ன ഡിസ്പെൻസറികൾ.

* 1610. [4] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എത്ര ഡിസ്പെൻസറികൾ തുടങ്ങുന്നതിനുള്ള ശുപാർശ ഡവലപ്പ്മെൻറ് കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്;

(ബി) അഞ്ചൽ ഒരു ഡിസ്പെൻസറി തുടങ്ങുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) 1948-ൽ ശവണ്ണൻറിൽനിന്നും അനുവദിച്ച അഞ്ചൽ ഡിസ്പെൻസറി ആരംഭിച്ചുനടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ എ. ആർ. മേനോൻ):

(എ) ചവറയിൽ ഒരു ഡിസ്പെൻസറി സ്ഥാപിക്കുന്നതിന് ഡിസ്ട്രിക്ട് ഡവലപ്പ്മെൻറ് ബോർഡ് ശുപാർശ ചെയ്തിരുന്നു.

(ബി) ഇന്നത്തെ നിലയിൽ ഇല്ല.

(സി) നിലവിലിരിക്കുന്ന ചട്ടപ്രകാരം ഡിസ്ട്രിക്ട് ഡവലപ്പ്മെൻറ് ബോർഡ് ശുപാർശ ചെയ്യേണ്ടിയിരിക്കുന്നതുകൊണ്ട് ഇപ്പോൾ ചെയ്യാൻ സാധിക്കുന്നതല്ല.

ശ്രീ. പി. ഗോപാലൻ: അവിടെ ഒരു ആശുപത്രി വേണമെന്നും കഴിഞ്ഞ ഡിസ്ട്രിക്ട് ഡവലപ്പ്മെൻറ് ബോർഡിൻെറ ശുപാർശ ശവണ്ണൻറംഗീകരിച്ചിട്ടില്ലേ?

ഡാക്ടർ എ. ആർ. മേനോൻ: അംഗീകരിച്ചിട്ടുണ്ടെങ്കിൽ നിശ്ചയമായും ചെയ്യാം.

† As the Member was absent, the question was put by Shri P. R. Francis with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly